സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 13-7-2009

നം: സി.പി(4)17516/2007

## സർക്കുലർ നം: 33/2009

വിഷയം:- സഹകരണ വകുപ്പ് - സഹകരണ സ്ഥാപനങ്ങളിലെ/ബാങ്കുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നത് - കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. ഈ ആഫീസിലെ 15-5-1984-ലെ 26/84 നമ്പർ സർക്കുലർ.
2. ഈ ആഫീസിലെ 3-6-1989-ലെ 33/89 നമ്പർ സർക്കുലർ.
3. ഈ ആഫീസിലെ 23-5-2008-ലെ 34(A) /2008 നമ്പർ സർക്കുലർ.

** ** **

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരുന്ന കവർച്ചകളുടെയും കവർച്ചാ ശ്രമങ്ങളുടെയും പശ്ചാത്തലത്തിൽ വായ്പാ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനകളിലെ സർക്കുലറുകൾ മുഖേന ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ചിരുന്നു.

സൂചന ഒന്നിലെ സർക്കുലറിൽ ബാങ്ക് കെട്ടിടം ഡിസൈൻ ചെയ്യുമ്പോൾ പുറത്തുനിന്നുള്ള വ്യക്തികൾക്ക് കാഷ്/ചെസ്റ്റ്/ലോക്കർ/സ്ട്രോംഗ് റൂം എന്നിവ ഇരിക്കുന്ന സ്ഥലത്തേയ്ക്ക് എളുപ്പം കടന്നുചെല്ലാനാകാത്ത വിധം ക്രമീകരിയ്ക്കണം എന്നും പൊതുജനങ്ങൾക്ക് ഒറ്റനോട്ടത്തിൽ കാണത്തക്ക സ്ഥലത്ത് ഇവ ക്രമീകരിക്കരുതെന്നും നിർദ്ദേശിച്ചിരുന്നു. സ്ട്രോംഗ് റൂം/ചെസ്റ്റ് എന്നിവയിൽ നിന്നും ഇടപാടുകാർക്ക് ആവശ്യം വരുന്ന തുക മാത്രം പുറത്തെടുത്താൽ മതിയെന്നും പരിചയക്കാരോ അല്ലാത്തവരോ ആയ ഇടപാടുകാരുമായി ഇടപാടു നടത്തുമ്പോൾ കാഷ്യർമാർ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. അതുപോലെതന്നെ സ്ഥാപനത്തിനുള്ളിലേയ്ക്ക് കടക്കുന്നതിനുള്ള പ്രവേശന കവാടം ഒരേ സമയം ഒരാൾക്ക് മാത്രം പ്രവേശിക്കത്തക്ക/പുറത്തു പോകത്തക്ക രീതിയിൽ ക്രമീകരിയ്ക്കുന്നതിനും പ്രസ്തുത കവാടത്തിൽ സമർത്ഥനും പരിശീലനം സിദ്ധിച്ചിട്ടുള്ളതുമായ ഒരു സെക്യൂരിറ്റി ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇടപാടുകാരെ എത്രയും വേഗം അവരുടെ ആവശ്യങ്ങൾ നിറവേറ്റി അയക്കണമെന്നും, വെറുതെ ബാങ്കിൽ വരുന്നവരെ നിരീക്ഷിയ്ക്കണമെന്നും, മതിയായ ആശയവിനിമയ സംവിധാനം ഒരുക്കണമെന്നും, ഗാർഡുമാർ വിദ്യാഭ്യാസവും തങ്ങളുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം സിദ്ധിച്ചവരാകണമെന്നും, നല്ല നിലയിലുള്ള സേഫുകൾ ലഭ്യമാക്കണമെന്നും, ഓരോ ശാഖയ്ക്കും എമർജൻസി ലൈറ്റുകൾ, എമർജൻസി അലാറം എന്നിവയും സജ്ജീകരിയ്ക്കണമെന്നും അതുകൂടാതെ തുക ട്രാൻസിറ്റിലായിരിക്കുമ്പോൾ, സ്ഥിരമായ റൂട്ട്/നിശ്ചിത തീയതി/ദിവസം/സമയം എന്നിവ ഒഴിവാക്കണമെന്നും സൂചന(1) സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

സൂചന(2)ലെ സർക്കുലറിൽ സംസ്ഥാന പോലീസ് ഡയറക്ടർ ജനറലിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയുധം കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം

നേടിയ ആളുകളെയോ, മിലിറ്ററി സേവനത്തിൽ നിന്നും വിരമിച്ച ജവാൻമാരെയോ സെക്യൂരിറ്റിയായി നിയോഗിക്കുന്നതിന് മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. മാത്രമല്ല സഹകരണ സ്ഥാപനങ്ങളിൽ അംഗീകൃത സ്റ്റാഫ് പാറ്റേണിൽ നൈറ്റ് വാച്ച്മാൻ തസ്തിക ഇല്ലാത്ത സാഹചര്യം ഉണ്ടെങ്കിൽ ടി തസ്തികാനുവാദത്തിനായി ജില്ലാ ജോയിൻറ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ടി അപേക്ഷകളിൻമേൽ യുക്തമായ തീരുമാനം എടുക്കുന്നതിന് ജോയിൻറ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

സൂചന(3)ലെ സർക്കുലറിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ച രീതിയിലുള്ള സ്ട്രോംഗ് റൂം, സ്ട്രോംഗ് റൂം ഡോർ എന്നിവ ബാങ്കുകളിൽ ഏർപ്പെടുത്തണമെന്നും, ബാങ്കിലെ പ്രവേശന കവാടം ഒരാൾക്ക് പ്രവേശിക്കുവാൻ തക്കവണ്ണം ക്രമീകരിയ്ക്കണമെന്നും, ചുറ്റുമതിലിനു മുകളിൽ ഇരുമ്പ് കമ്പിവേലി സ്ഥാപിക്കണമെന്നും, ഇടപാടുകാരുടെ ഫോട്ടോ രഹസ്യമായി എടുക്കുന്നതിനുള്ള രഹസ്യ ക്യാമറകളും, വെബ് ക്യാമറകളും സ്ഥാപിക്കുവാനും, കാര്യക്ഷമമായി പ്രവർത്തിക്കുന്ന സെക്യൂരിറ്റി അലാറം എന്നിവ സ്ഥാപിക്കുന്നതിനും സൂചന(2)ൽ പരാമർശിച്ച പ്രകാരം ആവശ്യമായ സുരക്ഷാ ജീവനക്കാർ ഉണ്ടായിരിയ്ക്കണമെന്നും, കൈവശം വച്ചിട്ടുള്ള അത്ര തുകയ്ക്കും സ്വർണ്ണാഭരണങ്ങൾക്കും ബാധകമാകത്തക്ക രീതിയിൽ ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്നതിനും സഹകരണ ബാങ്കുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് രാത്രികാല പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ പോലീസ് ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതിനും കൂടാതെ ജനകീയ പട്രോളിംഗ് ഏർപ്പെടുത്തുന്ന കാര്യവും ബാങ്ക് അധികൃതർ പരിഗണിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ബാങ്കുകൾ, ശാഖകൾ ആരംഭിയ്ക്കുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലങ്ങൾ കൂടുതൽ ജനവാസമുള്ള കേന്ദ്രങ്ങളായിരിയ്ക്കണം എന്നും സുരക്ഷിത കെട്ടിടങ്ങൾ തെരഞ്ഞെടുക്കണമെന്നും നിഷ്ക്കർഷിച്ചിരുന്നു. കൂടാതെ കവർച്ചക്കാർ ബാങ്കിലെത്തിയാൽ അക്കാര്യം മനസ്സിലാക്കുന്നതിനും, ആയതിൻെറ അടിസ്ഥാനത്തിൽ ഉടൻ പോലീസിനെ അറിയിക്കുവാനുള്ള സ്ഥിരം സംവിധാനം ബാങ്കുകൾ ഏർപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഗോൾഡ് സ്റ്റോക്ക് രജിസ്റ്റർ അതാതു ദിവസം തന്നെ എഴുതി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ് എന്നും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ചും നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

ഈ ആഫീസിൽ നിന്നും സൂചനകൾ പ്രകാരം വിശദവും വ്യക്തവുമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും ആയത് പരിപൂർണ്ണമായി പല സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മാത്രമല്ല അടുത്ത കാലത്തായി വർദ്ധിച്ചുവരുന്ന ബാങ്ക് കവർച്ചാ കേസുകളിൽ പലതും സഹകരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവയാണ് എന്നും മതിയായ സുരക്ഷാ ക്രമീകരണങ്ങളുടെ അഭാവവും ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തതയും സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുന്നതിന് കാരണമാകുമെന്നും കാണുന്നു.

ആയതിനാൽ തുക/സ്വർണ്ണം എന്നിവ കൈകാര്യം ചെയ്യുന്ന എല്ലാ സഹകരണ ബാങ്കുകളിലും നിലവിൽ സൂചന സർക്കുലറുകളിൽ പരാമർശിക്കുന്ന വിധം മതിയായ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടില്ലായെങ്കിൽ വിമുക്ത ഭടൻമാരെ കരാർ വ്യവസ്ഥയിൽ നിർബന്ധമായും നിയമിക്കേണ്ടതാണ്. ഇതിനായി സഹകരണ ബാങ്കുകളിൽ വിമുക്ത ഭടൻമാരെ സെക്യൂരിറ്റിയായി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാരോട് അപേക്ഷിക്കേണ്ടതും, അപേക്ഷ പരിശോധിച്ച് ജോയിന്റ് രജിസ്ട്രാർ ആവശ്യമായ അനുവാദം/അംഗീകാരം നൽകേണ്ടതുമാണ്. സഹകരണസംഘം രജിസ്ട്രാറുടെ നിർദ്ദേശാനുസരണം, ബാങ്കിൽ മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ബന്ധപ്പെട്ട ഭരണസമിതിയ്ക്കും, ചീഫ് എക്സിക്യൂട്ടീവിനും മാത്രമായിരിയ്ക്കും ഉത്തരവാദിത്വം എന്നും ഓർമ്മിപ്പിയ്ക്കുന്നു. സൂചന സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചു എന്ന് ഉറപ്പു വരുത്തുന്നതിന് ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകിയിരുന്ന മുൻനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. യൂണിറ്റ് ഇൻസ്പെക്ടർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ/ജോയിന്റ് രജിസ്ട്രാർമാർ എന്നിവർ തങ്ങളുടെ പ്രതിമാസ മിന്നൽ/വിശദ പരിശോധനാ റിപ്പോർട്ടിൽ ഈ വിഷയവും ചേർത്ത് പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർമാർ നടത്തുന്ന പ്രതിമാസ കോൺഫറൻസുകളിൽ പുരോഗതി അവലോകനം നടത്തേണ്ടതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ഓരോ ത്രൈമാസവും കൂടുമ്പോൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ എംപ്ലോയീസ് സഹകരണ സംഘങ്ങൾ/ അർബൻ ബാങ്കുകൾക്കും.(ജോയിന്റ് രജിസ്ട്രാർ മുഖേന)
2. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്കുകൾ
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. എല്ലാ ജില്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും .(ജോയിന്റ് രജിസ്ട്രാർ മുഖേന)
6. എഡിറ്റർ, സഹകരണവീഥി/സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
7. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
8. സ്പെയർ
9. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ്)